പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നംപർ. 338 — 14/10/2011 ൽ മറുപടിയ്ക്ക്

## സാമൂഹ്യക്ഷേമ വകുപ്പിന്റെ ജനോപകാരപ്രദമായ പദ്ധതികൾ

ചോദ്യം — ഉത്തരം

ശ്രീ. മാത്യു.റ്റി.തോമസ്:

ശ്രീ. സി.കെ. നാണു :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീമതി. ജമീലാ പ്രകാശം:

ഡോ. എം.കെ. മുനീർ:

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ ജനോപകാരപ്രദമായ പദ്ധതികളേതെല്ലാമെന്ന് വിശദമാക്കുമോ;<br>(ബി) ഈ പദ്ധതികളെ കുറിച്ചുള്ള വിശദാംശങ്ങളും മാനദണ്ഡങ്ങളും വെളിപ്പെടുത്തുമോ; | (എ) യും (ബി) യും<br>സമൂഹത്തിലെ സ്ത്രീകൾ, കുട്ടികൾ, വികലാംഗർ, വയോജനങ്ങൾ, കുററവാളികളുടെ പുനരധിവാസം. കൗമാരപ്രായക്കാർ തുടങ്ങിയ മേഖലകളിൽ പദ്ധതികൾ നടപ്പാക്കിവരുന്നു. 2011-12 സാമ്പത്തിക വർഷം ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് ബഡ്ജററിൽ വകയിരു ത്തിയിട്ടുള്ള പദ്ധതി വിഹിതം 43824 ലക്ഷം രൂപയാണ്.<br>സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) ഇത് സംബന്ധിച്ച് കാലാകാലങ്ങളിൽ ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (സി) ലഭ്യമാക്കുന്നതാണ് .<br>അനുബന്ധമായി വച്ചിട്ടുണ്ട് |

| | |
|---|---|
| (ഡി) ഈ പദ്ധതികളെക്കുറിച്ച് മതിയായ പ്രചാരണം നല്ലാത്തതിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് ഇതിന്റെ ഫലം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി)ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് അർഹരായ വ്യക്തികൾക്ക് ഈ പദ്ധതികളുടെ ഗുണം ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ഇ) ബാധകമല്ല |
| (എഫ്) ഇല്ലെങ്കിൽ ഈ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ സാധാരണക്കാരിലേക്ക് എത്തുന്ന രീതിയിലും മനസ്സിലാകുന്ന രീതിയിലും പ്രചാരണങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ; സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (എഫ്) ആവശ്യമായ പ്രചാരണങ്ങൾ നടത്തിവരുന്നുണ്ട് |

R. Vijayan

സെക്ഷൻ ഓഫീസർ

## അനുബന്ധം

സമൂഹത്തിലെ സ്ത്രീകൾ, കുട്ടികൾ, വികലാംഗർ, വയോജനങ്ങൾ, കുററവാളികളുടെ പുനരധിവാസം. കൗമാരപ്രായക്കാർ തുടങ്ങിയ മേഖലകളിൽ പദ്ധതികൾ നടപ്പാക്കിവരുന്നു. 2011-12 സാമ്പത്തിക വർഷം ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് ബഡ്ജററിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതം 43824 ലക്ഷം രൂപയാണ്.

2011-12 സാമ്പത്തികവർഷം സംസ്ഥാന പദ്ധതിയിലും കേന്ദ്രാവിഷ്കൃത പദ്ധതിയിലും ഒററത്തവണ അധിക കേന്ദ്രസഹായ പദ്ധതിയിലുമായി ഉൾപ്പെടുത്തിയിട്ടുള്ള സ്കീമുകൾ ചുവടെ ചേർക്കുന്നു.

1. സംയോജിത ശിശു വികസന സേവന പദ്ധതി (ഐ.സി.ഡി.എസ്)
2. സംയോജിത ശിശു സംരക്ഷണ പദ്ധതി
3. തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ
4. വനിതാവികസന പരിപാടികൾ
5. സ്ത്രീ ശാക്തീകരണത്തിനുള്ള ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം
6. വനിതകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ പദ്ധതി
7. അംഗൻവാടി കേന്ദ്രങ്ങളെ വനിതകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററാക്കി വികസിപ്പിക്കുന്ന പദ്ധതി
8. അവിവാഹിതരായ അമ്മമാരുടേയും കുട്ടികളുടേയും പുനരധിവാസം
9. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സൈക്കോ സോഷ്യൽ പദ്ധതി
10. അംഗൻവാടി ജീവനക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തൽ
11. കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാ പദ്ധതി
12. താലോലം-ക്യാൻസർ ഒഴികെയുള്ള ഗുരുതര രോഗം മൂലം ദുരിതം അനുഭവിക്കുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നല്കുന്ന പദ്ധതി
13. ഐ.സി.ഡി.എസ് പരിശീലന പരിപാടി
14. അംഗൻവാടികൾ വഴി പ്രീ സ്കൂൾ കുട്ടികൾക്കും അമ്മമാർക്കും ഗർഭിണികൾക്കും നല്കുന്ന അനുപൂരക പോഷകാഹാര പദ്ധതി
15. പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായുള്ള പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ
16. (എ) ജയിൽ വിമുക്തരായ കുറ്റവാളികൾക്കും പ്രൊബേഷണർമാർക്കും ധനസഹായം നല്കുന്ന പുനരധിവാസ പദ്ധതി

    (ബി) ജയിൽ തടവുകാരുടെ മക്കൾക്ക് നല്കുന്ന വിദ്യാഭ്യാസ ധനസഹായം

    (സി) കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് ധനസഹായം നല്കുന്ന പദ്ധതി

17 കാരുണ്യ നിക്ഷേപ പദ്ധതി

18. സംസ്ഥാന ശിശുക്ഷേമ സമിതി നടപ്പാക്കി വരുന്ന ' അമ്മത്തൊട്ടിൽ ' പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളുടെ സമീപത്തും ആരംഭിക്കുന്നതിനും വിഭിന്ന ശേഷിയുള്ള കുട്ടികൾക്കായി ഒരു പുനരധിവാസ കേന്ദ്രം ആരംഭിക്കുന്നതിനുമുള്ള പദ്ധതി

19. എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സംയോജിത പാക്കേജ് നടപ്പാക്കുന്ന പദ്ധതി

20. തീവ്രമായ ശാരീരിക /മാനസിക വെല്ലുവിളി നേരിടുന്നതിനാൽ ശയ്യാവലംബരായുള്ള നിത്യരോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നല്കുന്ന പദ്ധതി

21. സംസ്ഥാനത്തെ എല്ലാ വികലാംഗരായ ആൾക്കാർക്കും മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നല്കുന്ന പദ്ധതി

22. വൃദ്ധ സദനങ്ങളും പകൽ പരിപാലനകേന്ദ്രങ്ങളുംആരംഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നല്കുന്ന പദ്ധതി

23. സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനം ആധുനിക വൽക്കരിക്കുന്ന പദ്ധതി

24. ക്ഷേമ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതി

25. സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി

26. വകുപ്പിലെ ജീവനക്കാരുടെ കഴിവ് വർദ്ധിപ്പിച്ച് സേവനം മെച്ചപ്പെടുത്തുന്ന പദ്ധതി

27. വനിതാ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നല്കുന്ന പദ്ധതി

28. വിധവാ വിവാഹം പ്രോത്സാഹിപ്പിക്കുന്നതിനും പുനരധിവാസത്തിനുമായി ധനസഹായം നല്കുന്ന മംഗല്യ പദ്ധതി

29. വികലാംഗരായ വനിതകൾക്ക് വിവാഹ ധനസഹായ പദ്ധതി

30. ക്ഷേമസ്ഥാപനങ്ങളിലെ വിവാഹിതരായ അന്തേവാസികൾക്ക് പുനരധിവാസത്തിനായി ധനസഹായം നല്കുന്ന പദ്ധതി

31. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനായുള്ള രാജീവ് ഗാന്ധി പദ്ധതി (സബല) (100% സി.എസ്.എസ്)

32. നിബന്ധനയോടെയുള്ള മാതൃത്വ സഹായ പദ്ധതി (100% സി.എസ്.എസ്)

പ്ലാൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാന/കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പാക്കുന്ന പ്രധാനപദ്ധതികളാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇതു കൂടാതെ സംസ്ഥാന നോൺ പ്ലാൻ വിഭാഗത്തിലും ത്രിതല പഞ്ചായത്തിലൂടെയും ക്ഷേമ പദ്ധതികൾ വകുപ്പ് നടപ്പാക്കുന്നുണ്ട്. ഇവയിൽ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1.മിശ്രവിവാഹിത ദമ്പതികൾക്കുള്ള ധനസഹായ പദ്ധതി

2. വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ് കോളർഷിപ്പ് പദ്ധതി

3. അന്ധ അഭിഭാഷകർക്കുള്ള ധനസഹായ പദ്ധതി

4. അനാഥശാലകൾക്കുള്ള ധനസഹായ പദ്ധതി

5. സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ സദനങ്ങൾക്കും വൃദ്ധ സദനങ്ങൾക്കുമുള്ള ധനസഹായ പദ്ധതി

വികലാംഗ പെൻഷൻ , അഗതി (വിധവ) പെൻഷൻ , വാർദ്ധക്യകാല പെൻഷൻ 50 വയസ്സിനുമുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു

വികലാംഗർക്കുള്ള സഹായ ഉപകരണങ്ങൾ, സ്വയംതൊഴിൽ പദ്ധതി, വൈകല്യമുള്ള ലോട്ടറി ഏജന്റുമാർക്ക് സാമ്പത്തികസഹായം, മോട്ടോർ ഘടിപ്പിച്ച ട്രൈ സൈക്കിൾ വാങ്ങുന്നതിനുള്ള സബ്സിഡി, അംഗവൈകല്യമുള്ള കുട്ടികൾക്കുള്ള സ്ഥിരനിക്ഷേപ പദ്ധതി എന്നിവ വികലാംഗ കോർപ്പറേഷൻ വഴിയും വനിതകൾക്കുവേണ്ടി സ്വയംതൊഴിൽ വായ്പാ പദ്ധതി, വിദ്യാഭ്യാസ വായ്പ പദ്ധതി, വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ , ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്കൂൾ എന്നിവ വനിതാവികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്നു.

ഇപ്പോൾ നടപ്പിലാക്കിവരുന്ന വയോമിത്രം പദ്ധതി കൂടാതെ കോക്ളിയർ ഇംപ്ളാന്റേഷൻ സർജറി പ്രോജക്ട്, വയോജന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ , ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് മെഡിക്കൽ പരിരക്ഷ നല്കുന്ന പദ്ധതി, ഹൃദയ ശസ്ത്രക്രിയ പദ്ധതി എന്നിവ സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഇ -ടോയിലറ്റ് , പെൺകുട്ടികൾക്ക് ആയോധന കലയിൽ പരിശീലനം, 24/7 വിമെൻ ഇൻഫർമേഷൻ സെന്റർ, തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രം എന്നീ പദ്ധതികൾ വനിതാവികസന കോർപ്പറേഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

R. Vijayakumar

സെക്ഷൻ ഓഫീസർ

സാക്ഷ്യപ്പെടുത്തിയിരിക്കുന്നു (handwritten)